പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4104** 27/06/2012-ൽ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അംഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>,, കെ. ശിവദാസൻ നായർ<br>,, വർക്കല കഹാർ<br>,, സി.പി. മുഹമ്മദ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (എ) പദ്ധതി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ല-സംസ്ഥാന തലത്തിൽ പരാതി പരിഹാരസെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി കമ്പ്യൂട്ടർ അടിസ്ഥാനപ്പെടുത്തിയുള്ള നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികളുടെ കണക്ക് ലഭ്യമാക്കുമോ; | (ബി) കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിയിൽ തൊഴിലാളികൾ ഉൾപ്പടെ മൊത്തം 28.01 ലക്ഷം കുടുംബങ്ങളാണ് അംഗങ്ങളായിരുന്നത്. നടപ്പ് സാമ്പത്തികവർഷത്തേയ്ക്കുള്ള രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നടപടികൾ തുടർന്ന് വരികയാണ്. |
| (സി) അംഗമാകാത്ത തൊഴിലാളികളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ? | (സി) പദ്ധതി മാനദണ്ഡപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള തൊഴിലാളി വിഭാഗങ്ങളിൽപ്പെട്ട അംഗമാകാൻ കഴിയാത്ത തൊഴിലാളികൾക്ക് നടപ്പു വർഷം അവസാനത്തോടുകൂടി അംഗമാകുന്നതിന് അവസരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ